www.prepp.in



# MALAYALAM
## (Compulsory)

*Time Allowed : Three Hours* | *Maximum Marks : 300*

**QUESTION PAPER SPECIFIC INSTRUCTIONS**

**Please read each of the following instructions carefully before attempting questions :**

All questions are to be attempted.

The number of marks carried by a question is indicated against it.

Answers must be written in **MALAYALAM (Malayalam Script)** unless otherwise directed in the question.

Word limit in questions, wherever specified, should be adhered to and if answered in much longer or shorter than the prescribed length, marks may be deducted.

Any page or portion of the page left blank in the answer book must be clearly struck off.

---

**Q.1. താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും വിഷയത്തെക്കുറിച്ച് 600 വാക്കിൽ കുറയാതെ ഒരു ഉപന്യാസം തയ്യാറാക്കുക :—** **100**

Q.1(a) രാഷ്ട്രീയത്തിൽ സ്ത്രീകളുടെ പങ്ക്.

Q.1(b) ചൈനയുടെ സാമ്പത്തിക വളർച്ചയെക്കുറിച്ച് ഇന്ത്യ ഭയപ്പെടേണ്ടതുണ്ടോ ?

Q.1(c) ഭാരതസമൂഹത്തിൽ വിവാഹമോചനത്തിനുള്ള അംഗീകാരത്തിന്റെ വളർച്ചയെക്കുറിച്ച്.

Q.1(d) സദാചാരത്തെയും ധർമ്മനിഷ്ഠതയെയും കർക്കശ്ശമായ നിയമങ്ങൾകൊണ്ടു അടിച്ചമർത്താൻ പറ്റുമോ ?

**Q.2. താഴെകൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ചു തുടർന്നുള്ള ചോദ്യങ്ങൾക്കു വ്യക്തവും സൂക്ഷ്മവും സംക്ഷിപ്തവുമായ ഉത്തരമെഴുതുക :—** **12×5=60**

പച്ചക്കാടുകളും പുൽമേടുകളും കൃഷിയിടങ്ങളും തേടിയും സ്വന്തം വിശ്വാസപ്രമാണങ്ങൾക്കു കോട്ടം തട്ടാതിരിക്കാനും അടിച്ചമർത്തലിനും അടിമത്വത്തിനുമെതിരെ പ്രതികരിച്ചും ഒരു പക്ഷെ വെറും കൗതുകത്തിനും ജിജ്ഞാസകൊണ്ടും മനുഷ്യർ കൂട്ടം കൂട്ടമായി നൂറ്റാണ്ടുകൾക്കു മുമ്പെതന്നെ ആഗോളതലത്തിൽ കുടിയേറ്റം നടത്തിയിരുന്നു. അത്തരത്തിലുള്ള കുടിയേറ്റക്കാർ വഴിയോരങ്ങളിലോ അവർ തമ്പടിച്ച സ്ഥലങ്ങളിലോ അവരുടെ സംസ്കാര ഭണ്ഡാരം നിക്ഷേപിക്കുകയോ അവയെ പ്രോത്സാഹിപ്പിക്കുകയോ ചെയ്തുപോന്നു. പൊതുതാല്പര്യങ്ങൾക്കായോ വിവാഹബന്ധങ്ങൾകൊണ്ടോ വാണിജ്യാവശ്യങ്ങൾക്കായോ അവർ സ്വദേശത്തുകാരുമായി ഇടപെടാറുണ്ട്. ചില അവസരങ്ങളിൽ യുദ്ധത്തിലോ കലാപത്തിലോ കലാശിക്കാറുണ്ട്. ആരംഭത്തിൽ സംഘർഷാവസ്ഥ ഉടലെടുക്കാറുണ്ടെങ്കിലും കാലം ചെല്ലുംതോറും സമാധാനവും ശാന്തിയും ക്ഷേമവും ഐശ്വര്യവും പ്രബലമാകും. കലകളും കരകൗശല വിദ്യകളും തഴച്ചു വളരും. ആദാനപ്രദാനം ആ ബന്ധത്തിന് കൊഴുപ്പേകുന്നു. വൈവിദ്ധ്യ സംസ്കാരമുള്ള സമൂഹത്തിൽ ഏതൊരു സംഘവും മറ്റൊന്നിനോടു മേൽക്കോയ്മ കാട്ടാതെ സ്വച്ഛന്ദമായ രീതിയിൽ

www.prepp.in

Prepp
Your Personal Exams Guide

വളരുന്നു. അതുകൊണ്ടായിരിക്കാം വാഗ്ദത്ത ഭൂമിയിലേയ്ക്കോ തെരഞ്ഞെടുത്ത ആളുകളോടൊപ്പം കാനൻ ഭൂമിയിലേയ്ക്കോ പാലായനം ചെയ്യാൻ മോസസ് ആഹ്വാനം ചെയ്തിരിക്കാം. അതേപോലെ മംഗോളിയൻ ജനസമൂഹം അലാസ്കയിലേയ്ക്കും ആംഗ്ലോ-സാക്സൻ ജനസമൂഹം ബ്രിട്ടീഷ് രാജ്യത്തിലേയ്ക്കും കടന്നിരിക്കാം. അതേപോലെ ഒരു ആഗോള കടന്നാക്രമണത്തിനു വേണ്ടിയായിരിക്കാം യൂറോപ്പിലെ രാജ്യങ്ങൾക്കു നേതൃത്വം നൽകിക്കൊണ്ടു കൊളംബസ് പ്രവർത്തിച്ചത്. വിവിധ രാജ്യങ്ങളെ ആക്രമിച്ചു മറ്റു രാജ്യങ്ങളിലെ സംസ്കാരത്തെ തച്ചുടച്ചു, പരാക്രമിയുടെ സംസ്കാരം അടിച്ചേൽപ്പിച്ചു അവരുടെ ആധിപത്യത്തിനു കീഴിൽ കൊണ്ടുവന്നതിനുശേഷം കോളനിവൽക്കരണം എന്ന പ്രതിഭാസം ഉടലെടുത്തത്. ഒരു രാജ്യത്തുനിന്നു മറ്റൊരു രാജ്യത്തിലേയ്ക്കു ഇന്ന് വൻതോതിൽ കുടിയേറുന്നതിനുള്ള പ്രധാന പ്രചോദനം വാണിജ്യവും വ്യവസായവും ബിസിനസ്സുമാണ്. ഇവയെല്ലാം തന്നെ സംസ്കാര മിശ്രിതത്തിനു കളമൊരുക്കുന്നു. ഓരോ ഗ്രൂപ്പും പൈതൃക അംശങ്ങൾ നിലനിർത്തുകയും പൈതൃക രൂപങ്ങളെക്കുറിച്ചു ചിന്തിക്കുകയും ചെയ്യുന്നു. ഒരു പക്ഷെ പഴയ തറവാടുകളുടെ നോസ്റ്റാർജിയയും ഓർമ്മയും കുറച്ചുകാലം നിലനിന്നെന്നുവരാം, ഒന്നോ രണ്ടോ തലമുറകൾക്കുശേഷം പൂർവ്വിക ബന്ധങ്ങളുടെ ഒരംശംപോലുമുണ്ടാവില്ല. ഒരു നൂറ്റാണ്ടിനുശേഷം പ്രാദേശിക ബന്ധത്തെക്കുറിച്ച് ഒരു തരത്തിലും ബന്ധമുണ്ടാവാൻ സാധിക്കാൻ പറ്റാത്ത ഒരു സമൂഹമായിരിക്കാം നമ്മൾ കെട്ടിപ്പടുക്കുന്നെന്ന് നമ്മൾക്കു പ്രവചിക്കാം. എവിടെയാണോ ഇപ്പോൾ നിങ്ങൾ ജീവിക്കുന്നത് ആ സ്ഥലം തന്നെ നിങ്ങളുടെ സ്വന്തം സ്ഥലമാകുന്നു. ആ സ്ഥലത്തെ വൃക്ഷലതാദികളെയും പക്ഷിമൃഗാദികളെയും നിങ്ങൾ ഇഷ്ടപ്പെടുന്നു. അവയുമായി ഇണങ്ങിച്ചേരുന്നു. പ്രാദേശികം ആഗോളവുമായി ലയിച്ചു ചേരുന്നു. പഴയ പ്രാദേശിക ബന്ധമുള്ളവർ വിരളമാകുന്നു. ഇത്തരത്തിലുള്ള നവജാത സംസ്കാരം എല്ലാത്തിനെയും മാറ്റിമറിക്കുന്നു. അത്തരത്തിലുള്ള വിരാമമിട്ട സമൂഹം തികച്ചും ശുഭാപ്തിവിശ്വാസക്കാരും പഴഞ്ചൻ ആചാരങ്ങളിലും വിശ്വാസങ്ങളിലും കടുംപിടുത്തമില്ലാത്തവരുമാണ്. നഷ്ടപ്പെട്ട പൈതൃക ഭാവങ്ങളെക്കുറിച്ച് ചിന്തിക്കാത്തവരുമാണ്. പക്ഷെ, ഒരു പുരുഷനും ഒരു സ്ത്രീയ്ക്കും തികച്ചും ഒറ്റപ്പെട്ടു ദീർഘകാലം ജീവിക്കാൻ സാധ്യമല്ല - അതേപോലെ ഏതൊരു സംസ്കാരത്തിൽപ്പെട്ടവരും. കുറച്ചുകാലം കേന്ദ്ര പരാങ്മുഖമായതും കേന്ദ്രീകൃതവുമായ ശക്തികൾ നിലനിന്നെന്നു വരും. ബാഹ്യതലത്തിൽനിന്നു യാതൊരു സ്വാധീനത്തിനുമടിപ്പെടാതിരിക്കാനും തങ്ങളുടെ വിശ്വാസങ്ങളെയും പ്രമാണങ്ങളെയും കർക്കശ്ശമായി സുരക്ഷിതമാക്കാനും നിരന്തരമായി തലമുറകൾ പ്രാർത്ഥിച്ചിരിക്കാം. എങ്കിലും നമ്മൾക്കു അത്തരത്തിലുള്ള സ്വാധീനങ്ങൾ എത്രമാത്രം വൈകാരികമാണെന്നും, എത്രമാത്രം ഭേദിക്കപ്പെടാമെന്നും, എത്രമാത്രം ലോലമാണെന്നും അനാവശ്യമായ കേൾവികൾക്കും ഉത്തരങ്ങൾക്കും വശംവദരാകേണ്ടിവന്നിട്ടുണ്ട്. തീർത്തും സ്വതന്ത്രരാണെങ്കിലും ഒരുതരത്തിൽ ചിന്തിച്ചാൽ അനുനിമിഷം അസ്വതന്ത്രരുമാണ്. ജീനുകളും ഡിഎൻഎയും ആർഎൻഎയും എല്ലാം തന്നെ ഗാഢമായി നേരത്തെതന്നെ ബന്ധപ്പെടുത്തിയിട്ടുള്ളതാണ്. ഓരോ നാഡിയും നേരത്തെ നടന്ന സംഭവത്തെക്കുറിച്ചു ഓർക്കുന്നതാണ്. ശരീരവും മനസ്സും ആത്മാവും ഒക്കെ മറ്റുള്ളവർ എന്തു ചെയ്യുന്നു, പ്രവർത്തിക്കുന്നു, ചിന്തിക്കുന്നു എന്നിവയെക്കുറിച്ചു ആകുലപ്പെടുകയും വേവലാതിപ്പെടുകയും ചെയ്യുന്നു. അറിവില്ലായ്മയും അന്ധവിശ്വാസവുമാണ് ഭീതി ജനിപ്പിക്കുന്നത്. ഭീതിതന്നെയാണ് വെറുപ്പിനും വിദ്വേഷത്തിനും കാരണം. അതുതന്നെയാണ് ആത്മവിശ്വാസം നഷ്ടപ്പെടുത്തുന്നത്. ശോഷണവും മരണവും പരിണിത ഫലമാകുന്നു. ഒരുപക്ഷെ അനവധി

www.prepp.in

Prepp
Your Personal Exams Guide

പുരാതന സംസ്കാരങ്ങൾ ഇത്തരത്തിൽ നശിച്ചു നാമാവിശേഷമായിരിക്കാം!

- അതിജീവിക്കണമെങ്കിൽ മറ്റുള്ളവരിൽനിന്നോ മറ്റുള്ളവയിൽനിന്നോ സ്വയം ഉൾക്കൊള്ളണം, അതു നരകത്തിൽനിന്നു തന്നെയായാലും.

**ചോദ്യങ്ങൾ :**

Q.2(a) എങ്ങനെയാണ് കുടിയേറ്റക്കാർ പുത്തൻ പാർപ്പിടങ്ങൾഉണ്ടാക്കി വസിക്കുമ്പോൾ തദ്ദേശീയരുമായി ഇടപെടുന്നത് ? 12

Q.2(b) പുരാതന കാലങ്ങളിൽ എന്തുകൊണ്ടാണ് ജനങ്ങൾ കുടിയേറ്റം നടത്തിയയിരുന്നത് ? പഴയ കാലങ്ങളിലെ കുടിയേറ്റവും ഇപ്പോഴുള്ള കുടിയേറ്റവും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങളെന്തൊക്കെയാണ് ? 12

Q.2(c) എങ്ങനെയാണ് വിവിധ സംസ്കാരങ്ങൾ പരസ്പരം മിശ്രിതമാകുന്നത് ? 12

Q.2(d) പുരാതനമായ പല സംസ്കാരങ്ങളും നശിച്ചു നാമാവിശേഷമാകുന്നതെങ്ങനെയാണ് ? 12

Q.2(e) എന്തുകൊണ്ടാണ് ഒരു സംസ്കാരവും പരിപൂർണ്ണമായി ഒറ്റപ്പെട്ടു കഴിയാൻ സാധ്യമല്ലെന്ന് പറയാൻ കാരണം ? 12

**Q.3. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം മൂന്നിലൊന്നായി സംഗ്രഹിക്കുക (ചുരുക്കിയെഴുതുക) തലക്കെട്ട് നൽകേണ്ട ആവശ്യമില്ല :— 60**

നമ്മൾ ഒരു ജോലിയ്ക്കുവേണ്ടി അപേക്ഷിക്കുമ്പോൾ നമ്മളെക്കുറിച്ചുള്ള നമ്മുടെ സംഗ്രഹം രചിക്കുമ്പോൾ നമ്മുടെ ജോലി പരിചയത്തെക്കുറിച്ചു ഉന്നത രീതിയിൽ പ്രതിപാദിക്കുകയും നമ്മൾ ചെയ്ത നല്ല കാര്യങ്ങളെ പ്രകീർത്തിക്കുകയും നമ്മുടെ വിദ്യാഭ്യാസ നേട്ടങ്ങളെക്കുറിച്ചുമൊക്കെ എഴുതുന്നു. ഉന്നതമായ നേട്ടങ്ങളെക്കുറിച്ച് രേഖപ്പെടുത്തിയിട്ടു നമ്മൾക്ക് അനുഭവപ്പെട്ട ക്ലേശങ്ങളെക്കുറിച്ചോ കോട്ടങ്ങളെക്കുറിച്ചോ സൂചിപ്പിക്കാറില്ല. തൊഴിലുടമകൾ അത്തരം പ്രവൃത്തി പരിചയക്കുറിപ്പു വായിക്കുമ്പോൾ ജീവിച്ചിരിക്കുന്നവരിൽ ഏറ്റവും കേമനാണ് നമ്മളെന്ന് കരുതും! തൊഴിൽ ലഭിക്കുന്നതിനുവേണ്ടി ഏറ്റവും നല്ല രീതിയിൽ ഉയർത്തിക്കാട്ടാൻ ശ്രമിക്കും.

ഇത്തരം സന്ദർഭത്തിൽ കായികരംഗത്തുനിന്ന് ലഭിച്ച ഒരു യഥാർഥ സംഭവത്തെക്കുറിച്ച് രേഖപ്പെടുത്തേണ്ടിയിരിക്കുന്നു. ഓട്ട പരിശീലനത്തിനു ഒരു യൂണിവേഴ്സിറ്റിയുടെ ഫുട്ബാൾ ടീം പരിശീലനം നടത്തുകയായിരുന്നു. ലൈൻമാന്റെ സ്ഥാനത്തു ഒരു കളിക്കാരനു സ്ഥാനം നൽകിയിരുന്നു. ടീം അംഗങ്ങളിൽവച്ചു ഏറ്റവും ദ്രുതഗതിയിൽ ഓടാൻ കഴിവുള്ളയാളെന്ന് കരുതിയിരുന്ന ഇയാൾ ടാക്കിൾ പൊസിഷനിലായിരുന്നു. ഒരു ദിവസം അയാൾ കോച്ചിന്റെ അടുത്തുചെന്നു പറഞ്ഞു ഏറ്റവും കൂടുതൽ വേഗതയിൽ ഓടുന്ന ബാക്കുകൾക്കൊപ്പം തന്നെയും സ്പ്രിൻണ്ടു ചെയ്യാൻ അനുവദിക്കണമെന്ന്. കോച്ച് അനുവാദം നൽകി.

ആ ലൈൻമാൻ ദിവസവും ഓടാൻ തുടങ്ങി പക്ഷെ എന്നും അയാൾ ഏറ്റവും ഒടുവിൽ എത്താറുണ്ടായിരുന്നു. ദിവസവും അയാൾ ഏറ്റവും വേഗതയുള്ള ബാക്കുകൾക്കൊപ്പം ഓടിക്കൊണ്ടിരുന്നു, പക്ഷെ നിത്യേനെ അയാൾ പരാജിതനായിക്കൊണ്ടിരുന്നു. ഇതു സ്വാഭാവികമായിരുന്നു. കാരണം, ഓടുന്ന ബാക്കുകൾക്കൊപ്പം ഒരിക്കലും ഒരു ലൈൻമാന് ഓടാൻ സാധ്യമല്ല.

ഈ സംഭവത്തെക്കുറിച്ചു കോച്ചുതന്നെ സ്വയം ചിന്തിച്ചു എന്തുകൊണ്ടാണ് ഈ പന്തു കളിക്കാരന് ഏറ്റവും കൂടുതൽ വേഗതയുള്ള ഓട്ടക്കാരുമായി മത്സരിച്ചു തുടർച്ചയായി പരാജിതനായി അവസാനം വരേണ്ട കാര്യം, നേരെമറിച്ചു ലൈൻമാൻമാരുമായി ഓടി ഏറ്റവും വേഗതയുള്ള ഓട്ടക്കാരനായാൽ പോരേ ?

www.prepp.in

Prepp
Your Personal Exams Guide

അനവധി ദിവസങ്ങൾ പരാജിതനായ ലൈൻമാനായ ചെറുപ്പക്കാരനെ നിരീക്ഷിച്ച കോച്ചു ചോദിച്ചു, ബാക്കുൾക്കൊപ്പം നീ ഓടി പരാജയപ്പെടുന്നതിനേക്കാൾ മറ്റു ലൈന്മാരുമായി ഓടി ജേതാവാകുന്നതല്ലേ നല്ലത് ?

ആ ചെറുപ്പക്കാരനായ കളിക്കാരന്റെ ഉത്തരം കേട്ടു കോച്ചു ആശ്ചര്യപ്പെട്ടുപോയി. ചെറുപ്പക്കാരൻ പറഞ്ഞു, ലൈൻമാൻമാരെ കടത്തി വെട്ടിച്ചു ഓടുന്നതിനല്ല ഞാനിവിടെയുള്ളത്. എനിക്ക് അതറിയാം. ഞാൻ ഇവിടെയുള്ളത് ഏറ്റവും കൂടുതൽ വേഗത്തിൽ ഓടാൻ സാധിക്കുന്നതെങ്ങനെ? അത് എനിക്ക് പഠിക്കണം. ഓരോ ദിവസവും ബാക്കുകൾക്ക് ഒപ്പം ഓടിയ ഞാൻ ദിനം പ്രതി എന്റെ വിടവ് കുറച്ചുകൊണ്ടു വരുന്നത് നിങ്ങൾ നിരീക്ഷിച്ചിട്ടുണ്ടാവുമല്ലോ.

അനുചിതമായ ഈ സംഭവം തന്നെ നമ്മുടെ സാന്മാർഗ്ഗിക പുരോഗതിയെക്കുറിച്ചുള്ള രഹസ്യവും. ഭൗതിക ലോകത്തിലെ പ്രവൃത്തിയിൽ നമ്മൾക്കു ഏറ്റവും കേമത്വം കൈവരിക്കണം. സാന്മാർഗ്ഗിക പ്രവൃത്തിയെക്കുറിച്ചു ചിന്തിക്കുമ്പോൾ ദൈവത്തിൽനിന്ന് നമ്മൾക്കു ഒന്നും തന്നെ മറച്ചു വയ്ക്കാൻ സാധ്യമല്ല. നമ്മുടെ പുരോഗതി ഈശ്വരന്റെ മുമ്പിൽ ഒരു തുറന്ന പുസ്തകമാണ്. ആത്മാർത്ഥമായ പുരോഗമനമായ പ്രവൃത്തിയാണ് ആത്മീയ പുരോഗതിയ്ക്കു ഉത്തരം. അതുകൊണ്ടാണ് ദൈവത്തിന്റെ കടാക്ഷം സാധ്യമാകുന്നത്. സ്രഷ്ടാവിൻനിന്ന് നമ്മുടെ പരാജയങ്ങളെയും ആത്മീയ നേട്ടങ്ങളുടെ സത്യങ്ങളെയും ഒളിച്ചു വയ്ക്കാൻ സാദ്ധ്യമല്ല. പഴയ നേട്ടങ്ങളുടെ മഹത്വത്തിൽ അടിമപ്പെട്ടു അല്ല കഴിയേണ്ടത് നേരെമറിച്ചു പുതിയ വെല്ലുവിളികളെയാണ് അതിജീവിക്കേണ്ടത്. അയാൾക്കറിയാമായിരുന്നു പുരോഗമിക്കണമെങ്കിൽ പുതിയ വെല്ലുവിളികളെയാണ് നേരിടേണ്ടതെന്ന്. ഒരു ഓട്ടക്കാരനെന്ന നിലയിൽ തന്റെ പരിമിതികളെ മനസ്സിലാക്കി അതിൽനിന്നു എങ്ങനെ പുരോഗമിക്കാമെന്ന്. തന്റെ പരിമിതികളെ അതിജീവിക്കുന്നതിനു തന്റെ ന്യൂനതകളെ വിലയിരുത്തി, തന്നെക്കാൾ പ്രഗൽഭരായ ഓട്ടക്കാരുടെയിടയിൽ ഓടി തന്റെ കഴിവുകേടുകളെ നികത്തി പരിഹാരം കണ്ടെത്താൻ അയാൾ ശ്രമിക്കുകയായിരുന്നു. പ്രശസ്തിയ്ക്കും പത്രാസ്സിനും ഒന്നുമല്ലായിരുന്നു അയാളുടെ ലക്ഷ്യം. തനിക്ക് സ്വയം അഭിവൃദ്ധിപ്പെടണം, ഇതായിരുന്നു അയാളുടെ ലക്ഷ്യം.

അയാളുടെ കഴിവു വികസിപ്പിക്കുന്നതിനു പന്തുകളിക്കാരൻ മറ്റുള്ള ഓട്ടക്കാർ എന്തു ചെയ്യുകയാണെന്ന് നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്തു. അടുത്ത പ്രാവശ്യം എങ്ങനെ തന്റെ കഴിവുകേടുകളെ നികത്താമെന്നു വിലയിരുത്തി പ്രവർത്തിച്ചു. ഇത്തരത്തിൽ ചെയ്തതുകൊണ്ടു അയാൾ ഓരോ ദിവസവും വളരെയധികം പുരോഗതി നേടുകയും വിടവു ദുരീകരിച്ചു കൊണ്ടുവരികയും ചെയ്തു. നമ്മുടെ പരാജയങ്ങളെ നമ്മൾ നിരീക്ഷിക്കുകയാണെങ്കിൽ ഓരോ ദിവസവും നമ്മൾ എങ്ങനെ പുരോഗമിക്കണമെന്നു മനസ്സിലാക്കാം. അത്തരത്തിൽ പ്രവർത്തിച്ചാൽ തലേ ദിവസത്തേക്കാൾ നമ്മൾക്കു ഉണ്ടാകുന്ന പരാജയങ്ങൾ കുറവായിരിക്കും. കാലക്രമേണ, നമ്മൾക്കു ഒരു പരാജയവുമുണ്ടാവില്ല, നമ്മൾ എല്ലാത്തിലും ജേതാവായിത്തീരും. പക്ഷെ, നമ്മൾക്കുണ്ടാവുന്ന തോൽവികളെ ദൈവത്തിൽനിന്നു മറച്ചുവയ്ക്കാൻ സാധ്യമല്ല. നമ്മുടെ പരാജയങ്ങളെ സത്യസന്ധമായ രീതിയിൽ അതിജീവിക്കുന്നതും ദൈവം കാണുന്നു. സത്യസന്ധമായ രീതിയിൽ നമ്മുടെ പരാധീനതകളെയും പരാജയങ്ങളെയും അതിജീവിച്ചില്ലെങ്കിലും നമ്മുടെ ആത്മാർത്ഥമായ പ്രവൃത്തി സർവ്വേശ്വരനായ ദൈവം കാണുന്നു. അതുകൊണ്ട് ഇത്തരത്തിലുള്ള പ്രേരക ശക്തിയെ ദൈവം അനുകമ്പയോടെയും നന്മയോടെയും കാത്തു രക്ഷിക്കുന്നു. വീണ്ടും നമ്മൾ കഷ്ടപ്പാടിലും യാതനകളിലും പെട്ടുപോയാലും തീർച്ചയായും ദൈവത്തിൽനിന്നു സഹായം ലഭിക്കും. തീർച്ചയായും നമ്മുടെ പരാജയങ്ങളെ അതിജീവിക്കുന്നതിനും നിർമാർജനം ചെയ്യുന്നതിനും ദൈവം കടാക്ഷിക്കും, നമ്മൾ ജീവിതത്തിൽ പുരോഗതി നേടും. **(427 Words)**

www.prepp.in

Prepp
Your Personal Exams Guide

**Q.4.** **മലയാളത്തിലേയ്ക്കു വിവർത്തനം ചെയ്യുക :—** **20**

Most people involved in the film production industry know that there is a constant evolution. The change is in the way movies are made, discovered, marketed, distributed, shown, and seen. Following independence in 1947, the 1950s and 60s are regarded as the 'Golden Age' of Indian cinema in terms of films, stars, music and lyrics. The genre was loosely defined, the most popular being 'socials', films which addressed the social problems of citizens in the newly developing state. In the mid-1960s, camera technology revolutionized the documentary method by enabling the synchronized recording of image and sound. Today, CINEMA 4D users are free to create scenes without worrying about the size of objects or how many objects are in the scene, shaded settings, texture size, multipass-rendering or eye-catching particle systems.

Until the 1960s, film-making companies, many of whom owned studios, dominated the film industry. Artistes and technicians were either their employees or were contracted on a long-term basis. Since the 1960s, however, most performers went the freelance way, resulting in the star system and huge escalations in film production costs. Financing deals in the industry also started becoming murkier and murkier, since then. According to estimates, the Indian film industry has an annual turnover of Rs. 60 billion. It employs more than 6 million people, most of whom are contract workers as opposed to regular employees. In the late 1990s, it was recognized as an industry.

More money impacted the perception, visual representation, and definitions of reality. Like any other media of mass communication, the themes are relevant to their times.

Thus, filmmaking became more expensive and riskier. As opposed to the time of the Gemini studios, when only 5 percent of a movie was shot outdoor, filmmakers often select overseas locations in order to create greater realism, manage costs more efficiently or source people and props. Filmmakers spend.considerable time scouting for the perfect location.

**Q.5.** **ഇംഗ്ലീഷിലേയ്ക്കു വിവർത്തനം ചെയ്യുക :—** **20**

ഹാസ്യം എന്നതു ജനങ്ങളെക്കുച്ചോ വസ്തുവകകളേക്കുച്ചോ സന്ദർഭ സാഹചര്യങ്ങളെക്കുറിച്ചോ തന്മയത്വത്തോടെ തമാശ സൃഷ്ടിക്കാൻ വ്യക്തികൾക്കുള്ള കഴിവാണ്. ജനങ്ങളുടെയിടയിൽ ചിരിയുണ്ടാക്കാനും നർമ്മ ഭാവങ്ങൾ വരുത്താനും വൈകാരികത സൃഷ്ടക്കാനും ഉതകുന്ന മനുഷ്യന്റെ ആശയവിനിമയമെന്നോ ആസ്വാദന രീതിയെന്നോ ഈ പദം കൊണ്ടു അർഥമാക്കാം.

വ്യാഖ്യാനം എന്നതു നീതിപരമായ ഒരു പ്രവൃത്തിയോ അർഥപൂർണ്ണമായ വിമർശനമോ ആകാം. ആധികാരമല്ലാത്ത രീതിയിൽ ഒരാളുടെ പ്രവൃത്തിയെയോ വ്യവഹാര രീതിയോ ആശയവിനിമയത്തിലൂടെ നടത്തുന്നതിനെ ക്രിയാത്മകമായ വിമർശനമാകാം. സാമൂഹികപരമായി ഒരുവന്റെ പ്രവൃത്തിയെ നയതന്ത്രപരമായ രീതിയിൽ കൈകാര്യം ചെയ്യുന്നതിനെയും ക്രിയാത്മകമായ വ്യാഖ്യാനം എന്നു പറയാം. ആജ്ഞാപനമോ അപമാനമോ അപകീർത്തിയോ ഉണ്ടാക്കാതെ സമാധാനപരമായി സൗഹാർദ്ദപരമായി നടത്തുന്ന ഒരു തെറ്റുതിരുത്തൽ നടപടിയാണ് ഇവിടെ "ക്രിയാത്മാകം" കൊണ്ടു ഉദ്ദേശിക്കുന്നത്.

www.prepp.in

Prepp
Your Personal Exams Guide

ആക്ഷേപഹാസ്യം ഒരു വ്യാഖ്യാതാവിന്റെ സാമഗ്രിയാണ്. തികച്ചും നർമ്മരസപ്രദവും ആസ്വാദനപ്രദവുമാണ്. ആക്ഷേപഹാസ്യത്തിന്റെ പ്രധാന ഉദ്ദേശ്യം നർമ്മം നിർമ്മിക്കലല്ല പക്ഷെ ഒരു സംഭവത്തെയോ വ്യക്തിയെയോ ഒരു സംഘത്തെയോ വളരെ ചതുരപരമായി വ്യാഖ്യാനിക്കലാണ് ചെയ്യുന്നത്.

ആക്ഷേപഹാസ്യം തികച്ചും വ്യക്തമായ സാഹിത്യഗുണമുള്ളതാണ്. അതിനു നിർദ്ദിഷ്ടമായ ഉന്നമുണ്ട്. അതു വ്യക്തിയോ സംഘങ്ങളോ ആശയമോ മനോഭാവമോ സ്ഥാപനമോ സാമൂഹിക സമ്പ്രദായമോ ആയിരിക്കാം. എന്തൊക്കെയാണെങ്കിലും ഏതൊക്കെയാണെങ്കിലും ഉന്നം വച്ചതിനെ പരമാവധി നിന്ദിക്കുകയാണ് ലക്ഷ്യം. ആക്ഷേപഹാസ്യം പലപ്പോഴും വിദ്വേഷവും പരിഹാസവും കലർന്നതായിരിക്കാം. മിക്കപ്പോഴും അതു അപഹാസസൂചനയുള്ളതുകൊണ്ടു അസ്വരസ്യം ഉണ്ടാക്കാം. മിക്കവാറും വിപരീതാർഥവും വിരോധാഭാസവും കലർന്നതായിരിക്കാം. നിന്ദാഗർഭമായ കൊള്ളിവാക്കുകൾ കൊണ്ടായിരിക്കാം പലപ്പോഴും തെറ്റിധാരണയുണ്ടാകാറുള്ളത്.

വ്യക്തികളുടെ വീഴ്ചകളും അബദ്ധങ്ങളും ദുഷ്പ്രവൃത്തികളും ന്യൂനതകളും പ്രവൃത്തികളും വച്ചുകൊണ്ട് അപകീർത്തിയുണ്ടാക്കുന്ന ഒരുവനെ കുറ്റം ചുമത്താൻ തക്കതായ സ്ഥിതിവരെ കൊണ്ടെത്തിക്കാം. നിന്ദയിലൂടെയും പരിഹാസകവനം രചിച്ചും വിരോധഭാസം നടത്തിയും ഒരുവനെ നന്നാക്കുന്നിനും ഉതകാം. സാഹിത്യവും നാടകവുമാണ് ഇതിനു ഏറ്റവും ഉത്തമമായ മാധ്യമം. ചിലപ്പോൾ സിനിമയും ദൃശ്യകലകളും രാഷ്ട്രീയ വിഷയങ്ങളെ ആസ്പദമാക്കിയ കാർട്ടൂണുകളും ആകാം. ഹൊറേസ്, എന്ന ഏറ്റവും പ്രഗത്ഭനായ ആക്ഷേപഹസ്യകാരനു ലോകത്തിലെ നാഗരികമായ മനുഷ്യന്റെ നിത്യേനയുള്ള മണ്ടത്തരങ്ങളെക്കുറിച്ചു ഓർത്തു വിദ്വേഷത്തിനു പകരം ചെറുപുഞ്ചിരി തൂകാനേ സാധ്യമാകൂ.

**Q.6. താഴെകൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്കു നിർദ്ദേശമനുസരിച്ചു ഉത്തരമെഴുതുക :—**

Q.6(a) തന്നിരിക്കുന്ന വാക്കുകളുടെ സന്ധി ചേർത്തെഴുതുക : **2×5=10**

(i) ബുദ്ധി + ഉപദേശം 2

(ii) ഗിരി + ഈശൻ 2

(iii) മർത്യ + ഏക 2

(iv) പ്രതി + സ്ഥാനം 2

(v) നിസ് + കാമം 2

Q.6(b) വിപരീതാർഥമുള്ള പദമെഴുതുക : **2×5=10**

(i) ചേതനം 2

(ii) പരോക്ഷം 2

(iii) വിപുലീകരിക്ക് 2

(iv) സ്ഥിരം 2

(v) പതനം 2

Prepp
Your Personal Exams Guide

Q.6(c) ആശയം വ്യക്തമാക്കി വാക്യത്തിൽ പ്രയോഗിക്കുക : 2×5=10

(i) കടിഞ്ഞാണിടുക 2

(ii) കൊമ്പുകുത്തിക്കുക 2

(iii) കുളം കോരുക 2

(iv) വളം വയ്ക്കുക 2

(v) മുളയിൽ നുള്ളുക 2

Q.6(d) താഴെ കൊടുത്തിരിക്കുന്ന പദത്തിന് സമാനാർത്ഥമുള്ള പദമെഴുതുക : 2×5=10

(i) മേനി 2

(ii) കൃശഗാത്രൻ 2

(iii) നിണം 2

(iv) കളങ്കപ്പെടുത്തുക 2

(v) വിഘ്നം 2

Prepp Your Personal Exam Guide